## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4302** **13.12.2018-ൽ മറുപടിക്ക്**

### സാമ്പത്തിക വികസനത്തിന് സഹകരണ പ്രസ്ഥാനത്തിന്റെ സ്വാധീനം

**ചോദ്യം**

**ശ്രീ.ബി.സത്യൻ**
**,, കെ.വി.അബ്ദുൾ ഖാദർ**
**,, കെ. ബാബു**
**,, ഒ.ആർ.കേളു**

**മറുപടി**

**ശ്രീ.കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കർഷകരുടെയും ഗ്രാമവാസികളുടെയും സാമ്പത്തിക വികസനം സാധ്യമാക്കുന്നതിന് സഹകരണ പ്രസ്ഥാനം നടത്തിവരുന്ന ഇടപെടലുകൾ വിശദമാക്കാമോ; | (എ) | കേരളത്തിൽ 1949 ലെ ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിലും കേരള സഹകരണ നിയമത്തിന്റെ പരിധിയിലും റിസർവ്വ് ബാങ്ക് ലൈസൻസോടു കൂടി സഹകരണ മേഖലയിൽ ഒരു സംസ്ഥാന സഹകരണ ബാങ്ക്, 14 ജില്ലാ സഹകരണ ബാങ്കുകൾ, 60 അർബൻ സഹകരണ ബാങ്കുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു. കൂടാതെ ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന 1600 ലധികം വരുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അവയുടെ 3000 ത്തിലധികം ശാഖകളും നാടിന്റെ നാനാ ഭാഗത്തും പ്രവർത്തിക്കുന്നു. വൻകിട ബാങ്കുകൾ തിരസ്കരിക്കപ്പെടുന്ന സാധാരണക്കാർക്കുള്ള അത്താണിയാണ് സഹകരണ ബാങ്കുകൾ. ഒരേ സമയം സാധാരണ ജനങ്ങളെ സഹായിക്കുന്നതിനും നാടിന്റെ സ്ഥായിയായ വികസന ആവശ്യങ്ങൾക്ക് പണം കണ്ടെത്തുന്നതിനും സഹകരണ ബാങ്കുകൾ വലിയ പങ്കു വഹിക്കുന്നു.<br><br>നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിയ പലിശ രഹിത വായ്പാ പദ്ധതി, നെല്ല് സംഭരിച്ച് മായം കലർത്താതെ അരിയാക്കി പൊതു വിതരണ സംവിധാനം വഴി വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ, കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്കായി ഏർപ്പെടുത്തിയിട്ടുള്ള ഉത്തേജന പലിശ ഇളവ് പദ്ധതി എന്നിവ |

| | | | |
|---|---|---|---|
| | | | കർഷകരുടെ ഉന്നമനത്തിനായി സഹകരണ മേഖലയിൽ ആവിഷ്കരിച്ച പദ്ധതികളാണ്. കൂടാതെ ചെറുകിട വ്യവസായം, സ്വയംതൊഴിൽ, കുടുംബശ്രീ, സ്വയം സഹായ സംഘങ്ങൾ എന്നീ ആവശ്യങ്ങൾക്ക് വിതരണം ചെയ്യുന്ന വായ്പകൾക്ക് സഹകരണ സംഘങ്ങൾ/ ബാങ്കുകൾ താരതമ്യേന കുറഞ്ഞ പലിശ നിരക്കാണ് ഈടാക്കുന്നത്. കോഴി, താറാവ്, മത്സ്യം, ആടുമാടുകൾ എന്നിവ വളർത്തുന്നതിനുമുള്ള പ്രത്യേക വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.<br><br>ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ട നഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും രക്ഷിക്കുക, സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ജനങ്ങളെ കൂടുതൽ സാമ്പത്തിക സുരക്ഷിതത്തിലേയ്ക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് "മുറ്റത്തെമുല്ല" ഗ്രാമീണലഘു വായ്പാ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.<br><br>ഗ്രാമീണ മേഖലയിൽ ഉന്നത വിദ്യാഭ്യാസത്തിനും പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുമായി സഹകരണ ബാങ്കുകൾ മുഖേന വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിന് മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സഹകരണ മേഖലയുമായി ബന്ധപ്പെട്ട് ഐക്യരാഷ്ട്ര സഭ മുന്നോട്ട് വച്ചിട്ടുള്ള വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തിന് എത്ര മാത്രം സാധ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | കേരളത്തിലെ സഹകരണസ്ഥാപനങ്ങൾ ഐക്യരാഷ്ട്ര സഭ മുന്നോട്ടു വച്ചിട്ടുള്ള വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സജീവമായ ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. 17 വികസന ലക്ഷ്യങ്ങളാണ് ഐക്യരാഷ്ട്രസഭ മുന്നോട്ടു വച്ചിട്ടുള്ളത്. ഐക്യരാഷ്ട്ര സഭയുടെ വികസന ലക്ഷ്യം മുന്നോട്ടു വയ്ക്കുന്ന സുസ്ഥിര സമൂഹ നിർമ്മിതി, സമൂഹം ഇന്ന് നേരിടുന്ന ദാരിദ്ര്യം, അസമത്വം, കാലാവസ്ഥാ വ്യതിയാനം, പാരിസ്ഥിതിക ശോഷണം എന്നിവ തരണം ചെയ്യൽ എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സഹായമാകുന്ന പദ്ധതികളാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനം ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.<br><br>കേരളത്തിലെ സഹകരണ സംഘങ്ങൾ സുസ്ഥിര കൃഷി രീതികളിലൂടെ കാർഷിക രംഗത്ത് മുന്നേറുന്നതിന് എന്നും കർഷകർക്കൊപ്പം നിലനിൽക്കുന്നു. കൺസ്യൂമർ സഹകരണ സംഘങ്ങൾ ഗുണമേന്മയുള്ള പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നു. ഉത്തരവാദിത്വ ഉപഭോഗ സംസ്കാരം വളർത്തുന്ന ഭവന നിർമ്മാണ സംഘങ്ങൾ വാസയോഗ്യമായ ഭവനങ്ങൾ നിർമ്മിച്ച് നൽകുന്നു. സാമൂഹിക സുരക്ഷാ പദ്ധതികൾ സഹകരണ സംഘങ്ങൾ ഏറ്റെടുത്ത് നടത്തുന്നു.<br><br>പരിസ്ഥിതി സംരക്ഷണത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് ഹരിതം സഹകരണം പദ്ധതി, തീം ട്രീസ് ഓഫ് കേരള പദ്ധതി എന്നിവ സഹകരണ മേഖല ആവിഷ്കരിച്ച് നടപ്പാക്കിയ പരിസ്ഥിതി രംഗത്തെ ശ്രദ്ധേയമായ പദ്ധതികളാണ്. അക്ഷയ ഊർജ്ജ സംവിധാനങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുന്നതിന് ANERT മായി ചേർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ |

| | | | |
|---|---|---|---|
| | | | നടപ്പാക്കുന്ന പദ്ധതിയിൽ ഗുണഭോക്താവിന്റെ വിഹിതം പ്രാഥമിക സഹകരണ ബാങ്കുകൾ വായ്പയായി നൽകുന്നു.<br><br>ആരോഗ്യരംഗത്ത് ശക്തമായ സാന്നിദ്ധ്യമായി മാറുകയാണ് സഹകരണ മേഖലയിലെ ആശുപത്രികൾ. എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം നേടുന്നതിന് സഹകരണ ആശുപത്രികൾ ഏറെ സഹായകമാണ്. സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് സമ്പൂർണ്ണ ആരോഗ്യം പ്രദാനം ചെയ്യുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിലുള്ള പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് വേണ്ടി ഒരു സമഗ്ര ആരോഗ്യ വികസന പദ്ധതി പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ഹോസ്പ്പിറ്റലിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു.<br>ദാരിദ്ര്യ ലഘൂകരണ പദ്ധതികൾ കുടുംബശ്രീ വഴി നടപ്പാക്കി വരുന്നു. വട്ടിപ്പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ട നഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ, എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും രക്ഷിക്കുക, സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ജനങ്ങളെ കൂടുതൽ സാമ്പത്തിക സുരക്ഷിതത്വത്തിലേയ്ക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് "മുറ്റത്തെമുല്ല" ഗ്രാമീണലഘു വായ്പാ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. പ്രളയം മൂലം ഭവന രഹിതരായവർക്ക് വീടു വച്ചു നൽകുന്ന കെയർഹോം പദ്ധതി ഈ രംഗത്തെ മറ്റൊരു നാഴികകല്ലാണ്. |

| | | | |
|---|---|---|---|
| | | | ഗ്രാമീണ ജനതയിലെ മഹാഭ്രരിപക്ഷംപേരെയും ബാങ്കിംഗ് ഇടപാടുകളുമായി ബന്ധപ്പെടുത്താൻ സഹകരണ പ്രസ്ഥാനത്തിനായിട്ടുണ്ട്. സ്ത്രീ ശാക്തീകരണത്തിന് ഏറ്റവും കൂടുതൽ പ്രാധാന്യം നൽകുന്നു. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരെ - ഭിന്നശേഷിക്കാർ, കർഷകർ, കൈവേലക്കാർ, പട്ടികജാതി പട്ടിക വർഗ്ഗക്കാർ, വനിതകൾ, ട്രാൻസ്ജെൻഡർ തുടങ്ങിയ എല്ലാ വിഭാഗങ്ങളെയും സഹകരണ പ്രസ്ഥാനത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനായിട്ടുണ്ട്. |
| (സി) | ദുർബല ജനവിഭാഗങ്ങളുടെ ഉന്നമനത്തിലും കൃഷി വികസനത്തിലും സഹകരണ മേഖലയുടെ പങ്കിന്റെ പ്രാധാന്യം കണക്കിലെടുത്ത് കാർഷിക-കാർഷിക അനുബന്ധ വായ്പകൾ വർദ്ധിപ്പിക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനം അറിയിക്കാമോ? | (സി) | നബാർഡിന്റെ പുനർവായ്പാ പദ്ധതി പ്രകാരം സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകളുടെ ധന സഹായത്തോടെ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന നെൽകർഷകർക്ക് പലിശ രഹിത വായ്പ വിതരണം ചെയ്യുന്ന പദ്ധതി നിലവിലുണ്ട്.<br><br>പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ സംഘങ്ങൾ/കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ, കൃത്യമായ തിരിച്ചടവ് നടത്തുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി ഉത്തേജന പലിശ ഇളവ് പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.<br><br>കർഷകർക്കും ഉപഭോക്താക്കൾക്കും ഒരു പോലെ പ്രയോജനം ലഭിയ്ക്കാനായി കർഷകരിൽ നിന്ന് നെല്ല് സംഭരിച്ച് മായം കലർത്താതെ അരിയാക്കി പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നെല്ല് സംഭരണം, സംസ്കരണം, വിപണനം എന്നിവ |

| | | | |
|---|---|---|---|
| | | | ലക്ഷ്യമാക്കി പാലക്കാട് ജില്ലാ ആസ്ഥാനമായി ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിന്റെ പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുണ്ട്. ടി സംഘത്തിന്റെ കീഴിൽ ഒരു ആധുനിക റൈസ് മില്ലും, സംഭരണ ഗോഡൗണുകളും ആദ്യഘട്ടത്തിൽ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.<br><br>കൂടാതെ ചെറുകിട വ്യവസായം, സ്വയംതൊഴിൽ, കുടുംബശ്രീ, സ്വയം സഹായ സംഘങ്ങൾ എന്നീ ആവശ്യങ്ങൾക്ക് വിതരണം ചെയ്യുന്ന വായ്പകൾക്ക് സഹകരണ സംഘങ്ങൾ/ ബാങ്കുകൾ താരതമ്യേന കുറഞ്ഞ പലിശ നിരക്കാണ് ഈടാക്കുന്നത്. കോഴി, താറാവ്, മത്സ്യം, ആട്ടുമാട്ടുകൾ എന്നിവ വളർത്തുന്നതിനുമുള്ള പ്രത്യേക വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.<br><br>കാർഷിക വികസനത്തിനും കാർഷികോല്പാദനത്തിനും കർഷകരുടെ ഉന്നമനത്തിനും കർഷകർക്ക് ആവശ്യമായ സമയങ്ങളിൽ മതിയായ വായ്പ ലഭ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുകയും കാർഷിക വായ്പാ വിതരണവുമായി ബന്ധപ്പെട്ട് JLG/SHG/ കുടുംബശ്രീ അയൽക്കൂട്ടങ്ങളിലൂടെ കൃഷി വ്യാപിപ്പിക്കുന്നതിനും ആയതിന് ത്രിതല പഞ്ചായത്തുകൾ, കൃഷി വകുപ്പ്, സഹകരണ സംഘങ്ങൾ എന്നിവയുടെ കൂട്ടായ പ്രവർത്തനവും സംഘാടനവും കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സഹായകരമാണ്. |

**സെക്ഷൻ ഓഫീസർ**